ഒഴുകുന്ന നദികളിൽ നിന്നും മണൽ വാരാനുള്ള പെർമിറ്റ് നൽകിയതിന്റെ കാരണം വെളിപ്പെടുത്താമോ ;

(ഡി) 6-3-1998-ൽ സംസ്ഥാന സർക്കാരിനു ലഭിച്ച കേന്ദ്രസർക്കാരിന്റെ വനം മന്ത്രാലയത്തിന്റെ കത്തിൽ എന്താണ് പറഞ്ഞിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ; ഇതിന്റെ ഒരു പകർപ്പ് ലഭ്യമാക്കാമോ ?

ഉത്തരം

(എ) ഇല്ല. എന്നാൽ കേന്ദ്ര സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുവാദം കൂടാതെ വനത്തിനുള്ളിൽ നടന്നുവരുന്ന മൈനിംഗ് ഉൾപ്പെടെയുള്ള വനേതര പ്രവർത്തനങ്ങൾ നിർത്തി വയ്ക്കുവാൻ ബഹു. സുപ്രീം കോടതി ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) മണൽ ഒരു വനോൽപ്പന്നമാണെന്നും കേരള വന നിയമത്തിലെ വകുപ്പുകളനുസരിച്ച് വനോൽപ്പന്നങ്ങളുടെ വിപണനം സാദ്ധ്യമാണെന്നും അഡ്വക്കേറ്റ്ജനറൽ ഉപദേശിച്ചതനുസരിച്ച് ഫോറസ്റ്റ് കൺസർവേഷൻ ആക്ട് നിലവിൽ വരുന്നതിന് മുൻപ് പ്രവർത്തിച്ചിരുന്ന മണൽ/പാറ ശേഖരണ സെന്ററുകളിൽ ചിലത് സംസ്ഥാന സർക്കാർ അംഗീകരിച്ചിരുന്നു. ശ്രീ. നൗഷാദ്ഖാനും ശ്രീ. കെ.സി. രവീന്ദ്രനും ആവശ്യപ്പെട്ടിരുന്ന ചോഴിയക്കോട്, ശംഖിലി എന്നീ കടവുകൾക്ക് സർക്കാർ അംഗീകാരം ഉണ്ടായിരുന്നതിനാലാണ് അനുമതി നൽകിയത്.

(ഡി) പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.†

തടി മില്ലുകൾക്ക് ലൈസൻസ് നൽകുന്നതിനുള്ള നടപടി

70 (2783) ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ സർക്കാർ വനഭൂമിയുടെ അഞ്ച് കിലോമീറ്ററിനുള്ളിൽ പ്രവർത്തിക്കുന്ന തടിമില്ലുകൾക്ക് ലൈസൻസ് പുതുക്കി നൽകുന്നതിന് എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദീകരിക്കുമോ ;

(ബി) എസ്.എസ്.ഐ രജിസ്ട്രേഷൻ എടുത്ത് നടത്തിവരുന്ന കേരളത്തിലെ തടിമിൽ വ്യവസായം സ്തംഭനാവസ്ഥയിൽ ആകാതിരിക്കുവാൻ ഈ തടിമില്ലുകളുടെ ലൈസൻസ് പുതുക്കി നൽകുന്നതിന് സർക്കാർ അടിയന്തിര നടപടികൾ സ്വീകരിക്കുമോ ;

(സി) 1998 ഒക്ടോബർ മാസത്തിൽ സർക്കാർ വനഭൂമിയുടെ 5 കിലോമീറ്ററിനുള്ളിൽ പ്രവർത്തിച്ചു വരുന്ന മില്ലുകൾ പൂട്ടുന്നതിന് വനം വകുപ്പ് അധികൃതർ നിർദ്ദേശം നൽകിയിരുന്നത് എന്തടിസ്ഥാനത്തിൽ ആയിരുന്നു എന്ന് വ്യക്തമാക്കാമോ ;

† അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly

(ഡി) തൃശ്ശൂർ ജില്ല സാമിൽ ആന്റ് ടിംബർ ഇൻഡസ്ട്രീസ് അസോസിയേഷൻ 12/98-ൽ ഇതു സംബന്ധിച്ച് സർക്കാരിനു സമർപ്പിച്ചിട്ടുള്ള നിവേദനത്തിന്മേൽ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ഇ) കേരളത്തിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് സർക്കാർ വനഭൂമിയുടെ 5 കിലോമീറ്ററിനുള്ളിൽ പ്രവർത്തിക്കുന്ന തടിമില്ലുകൾക്ക് ലൈസൻസ് പുതുക്കി നൽകുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. പ്രസ്തുത നിയന്ത്രണം ബഹു. സുപ്രീം കോടതിയും കേരള ഹൈക്കോടതിയും പുറപ്പെടുവിച്ച വിധികളുടെ അടിസ്ഥാനത്തിലാണ് ഏർപ്പെടുത്തിയിട്ടുള്ളത്.

(ബി) ബഹു. സുപ്രീം കോടതിയുടെയും കേരള ഹൈക്കോടതിയുടെയും വിധിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത തടിമില്ലുകളുടെ ലൈസൻസ് പുതുക്കി നൽകുന്നതിന് നടപടികൾ സ്വീകരിക്കുവാൻ കഴിയുകയില്ല.

(സി) 1996 ഡിസംബർ 12ന് റിട്ട്പെറ്റീഷൻ (സിവിൽ) 202/95-ൽ ബഹു. സുപ്രീംകോടതി പുറപ്പെടുവിച്ച വിധിയുടെ അടിസ്ഥാനത്തിലും ബഹു. കേരള ഹൈക്കോടതി ഒ.പി. 6696/96, 22203/97 എന്നിവയിൽ സംയുക്തമായി 17-3-1998-ാം തീയതി പുറപ്പെടുവിച്ച വിധിയും കണക്കിലെടുത്താണ് വനം വകുപ്പ് അധികൃതർ പ്രസ്തുത നിർദ്ദേശം നൽകിയത്.

(ഡി) വനാധിഷ്ഠിത വ്യവസായ സ്ഥാപനങ്ങളുടെ ലൈസൻസ് പുതുക്കുന്നതു സംബന്ധിച്ച ബുദ്ധിമുട്ടുകൾ ചൂണ്ടിക്കാണിച്ചുകൊണ്ട് വിവിധ ജില്ലകളിലെ തടിവ്യവസായ അസോസിയേഷൻ ഭാരവാഹികൾ സർക്കാരിനു സമർപ്പിച്ച നിവേദനം പരിഗണനയിലെടുത്താണ് 15-11-1999 ലെ സർക്കാർ ഉത്തരവ് (പി) 93/99/വനം നമ്പരായുള്ള ഭേദഗതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്.

(ഇ) ബഹു. സുപ്രീം കോടതിയുടെയും കേരള ഹൈക്കോടതിയുടെയും വിധികളുടെ അടിസ്ഥാനത്തിൽ പ്രസ്തുത തടിമില്ലുകൾക്ക് ലൈസൻസ് പുതുക്കി നൽകുന്നതിന് നടപടികൾ സ്വീകരിക്കുവാൻ നിർവ്വാഹമില്ല.

ജൈവ സമ്പത്ത് വിദേശത്തേയ്ക്ക് കൊണ്ടുപോകാനുള്ള മാനദണ്ഡം

71 (2784) ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ജൈവസമ്പത്ത് വിദേശത്തേയ്ക്ക് കടത്താൻ അനുവദിക്കുന്നത് സംബന്ധിച്ച് ഗവൺമെന്റ് എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ;

(ബി) ജൈവസമ്പത്ത് വിദേശത്തേയ്ക്ക് കടത്തുന്നതിനെ തടയുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly